3. Medical College Hospital, Trivandrum-20 KW-AGNI POWER & ELECTRONICS Pvt. Ltd.

4. Manmohan Bunglow, Trivandrum- 3 KW-SHOBITHA ELECTRONICS (Manufacturers) Pvt. Ltd.

5. Thycaud House, Trivandrum-2 KW-SHOBITHA ELECTRONICS (Manufacturers) Pvt. Ltd.

6. AG's Office, Trivandrum- 10 KW-Cyber Motion Technology Pvt. Ltd. Hydrabad.

7. ANERT Headquarters, Trivandrum-15 KW Radiant Solar Pvt. Ltd.

8. Cliff House, Trivandrum- 5 KW-SHOBITHA ELECTRONICS (Manufacturers) Pvt. Ltd., Thycaud House, Trivandrum.

ഓൺഗ്രിഡ് സോളാർ റെഗുലേഷനുകൾ

60 (6511) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. ബി. സത്യൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും റെഗുലേഷനുകൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഇത്തരം നിലയങ്ങളിൽനിന്ന് യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് വൈദ്യുതി ബോർഡ് വൈദ്യുതി വാങ്ങുകയെന്ന് അറിയിക്കുമോ ;

(സി) സോളാർ വൈദ്യുതി ബാങ്കുചെയ്യുന്നതിന് അനുവദിച്ചിട്ടുണ്ടോ ; ഇതിന് എന്തെല്ലാം നിബന്ധനകളാണ് നിലവിലുള്ളത് ; വ്യക്തമാക്കുമോ ;

(ഡി) 2014-15 സാമ്പത്തികവർഷത്തിൽ എത്ര മെഗാവാട്ട് സോളാർ വൈദ്യുതി ഉൽപാദനമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത് ; ഇതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സൗരവൈദ്യുതിക്ക് ഗ്രിഡ് കണക്ഷൻ നൽകുന്നതിനുള്ള ചട്ടങ്ങൾ, കേന്ദ്രവൈദ്യുത അതോറിറ്റി 30-9-2013-ൽ CEA (Technical Standards for Connectivity of the Distribution Generation Resources) Regulation 2013 എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

കൂടാതെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10-6-2014-ൽ "Grid Interactive Distributed Solar Energy Systems" എന്ന പേരിൽ ഒരു മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സൗരോർജ്ജ പ്ലാന്റിന്റെ ഉടമയായ വൈദ്യുത ഉപഭോക്താവ് ഏത് നിരക്കിലാണോ വൈദ്യുതി ഉപയോഗിക്കുന്നത് അതേ നിരക്കിൽ ഇത്തരം വൈദ്യുതി വാങ്ങാനാണ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്.

(സി) ഉപഭോക്താവിന്റെ ആവശ്യത്തിൽ കവിഞ്ഞ ഉൽപ്പാദനമുള്ള സമയങ്ങളിൽ അധികവൈദ്യുതി ലൈനിലേക്ക് പ്രസരിപ്പിക്കുന്നതിനും ഉൽപ്പാദനം കുറഞ്ഞതോ ഇല്ലാത്തതോ ആയ സന്ദർഭങ്ങളിൽ പകരം വൈദ്യുതി ലൈനിൽനിന്നും തിരികെ സ്വീകരിക്കാനും മാർഗ്ഗരേഖ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഉപഭോക്താവിന്റെ ഒരു ബില്ലിംഗ് കാലയളവിലെ മൊത്തം ഉപഭോഗവും കഴിഞ്ഞുവരുന്ന അധികവൈദ്യുതിക്ക് മാത്രമേ ബാങ്കിംഗ് സംവിധാനം ഉപയോഗപ്പെടുത്തുവാൻ അനുവദിച്ചിട്ടുള്ളൂ.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ താഴെപ്പറയുന്ന പദ്ധതികൾ ഈ സാമ്പത്തികവർഷംതന്നെ നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

- കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ യോജിക്കുന്നവയിൽ മൊത്തം 1.35 എം.ഡബ്ല്യു. ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ് സ്ഥാപിക്കൽ.
- കഞ്ചിക്കോട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 1 എം. ഡബ്ല്യു. ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ്.
- പാലക്കാട് ജില്ലയിലെ അഗളി പാലയൂർ ട്രൈബൽ കോളനിയിലെ വീടുകളുടെ മേൽക്കൂരകളിൽ മൊത്തം 96 കെ. ഡബ്ല്യു. ശേഷിയുള്ള സോളാർ പ്ലാന്റ്.
- പൊരിങ്ങൽകുത്ത് പവർഹൗസ് കെട്ടിടത്തിന്റെ മേൽക്കൂരകളിൽ 50 കെ.ഡബ്ല്യു.പി. ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ്.
- കന്നാല, മാന്തവാടി റ്റീ എസ്റ്റേറ്റിൽ 40 കെ.ഡബ്ല്യു.പി. ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സോളാർ പ്ലാന്റ്.
- തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് കെട്ടിടത്തിന്റെ മുകളിൽ 134.56 കെ.ഡബ്ല്യു.പി. ശേഷിയുള്ള സോളാർ പ്ലാന്റ്.
- RGGVY-DDG പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിലെ അഞ്ച് വില്ലേജുകളിലായി മൊത്തം 0.1315 എം.ഡബ്ല്യു. ശേഷിയുള്ള സോളാർ പ്ലാന്റ്.

ഈ പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ 2014-15 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതി സ്ഥാപിക്കുവാൻ അനെർട്ട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് എന്നിവരുമായി സഹകരിച്ച് കൊല്ലം ജില്ലയിലെ പടിഞ്ഞാറേ കല്ലടയിൽ 300 ഏക്കറിൽ 50 മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

അനെർട്ടിനെ ശക്തിപ്പെടുത്തുന്നതിന് നടപടി

61 (6512) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജം ഉപയോഗിച്ച് ഗാർഹികാവശ്യങ്ങൾക്ക് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഏതെല്ലാം പദ്ധതികളാണ് അനെർട്ട് മുഖേന നടപ്പിലാക്കി വരുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുതപദ്ധതികൾവഴി എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതായിട്ടാണ് കണക്കാക്കിയിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ വൈദ്യുതികമ്മി നേരിടുന്നതിന് അനെർട്ടിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കാതെ സ്വതന്ത്രമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുത പ്ലാന്റുകളുടെ വ്യാപനം പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ട് 10000 സൗരഗൃഹ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

വീടുകളുടെ മേൽക്കൂരകളിൽ ഒരു കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ വൈദ്യുത പ്ലാന്റുകൾ കേന്ദ്ര-സംസ്ഥാന സബ്സിഡിയോടെ നടപ്പാക്കുന്നതാണ് ഈ പദ്ധതി.

പ്രസ്തുത പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സബ്സിഡിയായി 92,262 രൂപ നൽകുന്നു. ഒരു കിലോവാട്ട് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഏകദേശം 15 ചതുരശ്രമീറ്റർ വിസ്തീർണ്ണം ആവശ്യമാണ്. കൂടാതെ പ്രസ്തുതസൈറ്റ് നിഴൽപതിക്കാത്ത തുറസ്സായ പ്രദേശവും ആകണം. ഒരു കിലോവാട്ട് പ്ലാന്റിൽനിന്ന് പ്രതിദിനം 3.5-4 യൂണിറ്റ് വൈദ്യുതി ലഭിക്കും. വൈദ്യുതി ഉൽപ്പാദനം പ്രധാനമായും സൂര്യപ്രകാശത്തിന്റെ ലഭ്യത, സ്ഥലത്തെ കാലാവസ്ഥ എന്നിവയെ ആശ്രയിച്ചിരിക്കും. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധി ഒരു പരിധിവരെ ലഘൂകരിക്കാനാവും.

LIBRARY ARCHIVES Kerala Legislative Assembly